മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശമ്പളവും മറ്റലവൻസുകളും.

	ശമ്പളം രൂപ	യാത്രപ്പടി രൂപ
മുഖ്യമന്ത്രി	5637-8-0.	3825- 0-0
റവന്യൂവകുപ്പുമന്ത്രി	5637-8-0.	1646- 4-0
ആരോഗ്യവകുപ്പുമന്ത്രി	5637-8-0.	2247-12-0
പൊതുമരാമത്തുവകുപ്പുമന്ത്രി	5637-8-0.	984- 0-0
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി	5637-8-0.	2364- 0-0

(ബി) † വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചെത്തുതൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി.

* 584. [41] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെത്തുതൊഴിലാളികളുടെ കൂലി, വേല തുടങ്ങിയവയെക്കുറിച്ച് അന്വേഷിക്കുവാനും, അവ നിശ്ചപ്പെടുത്തുവാനും വേണ്ടി നിയമിച്ച കമ്മിറ്റി യുടെ പ്രവർത്തനം എത്രമാത്രമായി;

(ബി) കമ്മിറ്റിയെ നിയമിക്കുമ്പോൾ എത്ര സമയത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നു ഗവണ്മെൻറിൽ നിന്നു വല്ല നിർദ്ദേശവും കൊടുത്തിരുന്നോ;

(സി) ഉണ്ടെങ്കിൽ ആ കാലയളവു കഴിഞ്ഞതോ; ഇനിയും എത്ര കാലത്തിനകം റിപ്പോർട്ട് ലഭിക്കുമെന്നാണ് ഗവണ്മെൻറ് കരുതുന്നത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായി അവരുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചുകഴിഞ്ഞു.

(ബി) ചോദ്യത്തിലില്ല.

(സി) എ യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മദ്യനിരോധനനിയമലംഘനം.

* 585 [43] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനമേഖലയിൽ ഉൾപ്പെട്ടിട്ടുള്ള ചിറയർതാലൂക്കിൽ മദ്യനിരോധനനിയമം ലംഘിച്ചതിനു ഈ സാമ്പത്തികവർഷത്തിലും ഈ കഴിഞ്ഞ സാമ്പത്തികവർഷത്തിലും ആയിട്ട് എത്ര കേസുകൾ ചാർജ്ജു ചെയ്തിട്ടുണ്ട്;

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly